**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1568** **01-02-2024 - ൽ മറുപടിയ്ക്ക്**

**ഏറ്റുമാനൂർ-എറണാകുളം റോഡിലെ സ്ഥലമേറ്റെടുപ്പ് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ മാറ്റുന്നതിന് ആവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ഏറ്റുമാനൂർ - എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനായി മീനച്ചിൽ താലൂക്കിലെ കാണക്കാരി വില്ലേജ്, വൈക്കം താലൂക്കിലെ കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുത്തുരുത്തി, വടയാർ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ടു വരുന്ന 1.9652 ഹെക്ടർ സ്ഥലം LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിനായി 4(1) നോട്ടിഫിക്കേഷൻ 03.06.2022 ലും, 11(1) നോട്ടിഫിക്കേഷൻ 10.07.2023 ലും ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 75% സർവ്വെ പൂർത്തിയായിട്ടുണ്ട്. |
| (ബി) | അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്ന ഭൂമിയിലെ അതിർത്തി കല്ലുകൾ എല്ലാം പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോയെന്നും നഷ്ടപ്പെട്ടുപോയവ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | അലൈൻമെന്റിൽ ഉൾപ്പെട്ടു വരുന്ന ഭൂമിയിലെ അതിർത്തി കല്ലുകൾ എല്ലാം പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ നഷ്ടപ്പെട്ടു പോയവ പുനഃസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട അർത്ഥനാധികാരിക്ക് നൽകിയിട്ടുള്ളതാണ്. അതിർത്തി കല്ലുകൾ പുനസ്ഥാപിക്കുന്ന മുറയ്ക്ക് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ പുനരധിവാസ പുനസ്ഥാപന പാക്കേജ് പ്രസിദ്ധപ്പെടുത്തി 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ 19(1) പ്രഖ്യാപനം എന്നത്തേക്ക് നടത്തുവാൻ കഴിയുമെന്ന് അറിയിക്കാമോ; | (സി) | അലൈൻമെന്റിൽ ഉൾപ്പെട്ടു വരുന്ന ഭൂമിയിലെ അതിർത്തി കല്ലുകൾ എല്ലാം പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ നഷ്ടപ്പെട്ടു പോയവ പുനഃസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട അർത്ഥനാധികാരിക്ക് നൽകിയിട്ടുള്ളതാണ്. അതിർത്തി കല്ലുകൾ പുനസ്ഥാപിക്കുന്ന മുറയ്ക്ക് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ പുനരധിവാസ പുനസ്ഥാപന പാക്കേജ് പ്രസിദ്ധപ്പെടുത്തി 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | സാമൂഹികാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സാമൂഹ്യാഘാത പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച് സർവ്വീസ് സൊസൈറ്റിയെ ചുമതലപ്പെടുത്തി 4(1) വിജ്ഞാപനം 03.06.2022 ലെ 1825-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.<br><br>സാമൂഹ്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ദ സമിതിയെ രൂപീകരിച്ചിട്ടുള്ളതും വിദഗ്ദ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് എൽ.എ.ആർ.ആർ നിയമം സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം അനുമതി നല്കിയിട്ടുള്ളതുമാണ്. തുടർന്ന് 11(1) വിജ്ഞാപനം 10.07.2023-ലെ 2266-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ